(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഭൂരഹിതരും ഭവനരഹിതരുമായ എത്ര പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാർക്ക് എന്തെല്ലാം സഹായങ്ങൾ നല്കിയിട്ടുണ്ടെന്ന് വിശദമാക്കുമോ;

(സി) ഭൂരഹിതരായ എത്ര പട്ടികജാതി-പട്ടികവർഗ്ഗക്കാർക്ക് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഭൂമി ലഭ്യമാക്കാൻ സഹായം നല്കിയിട്ടുണ്ടെന്ന് ജില്ല തിരിച്ചുള്ള കണക്കുകൾ സഹിതം വ്യക്തമാക്കുമോ;

(ഡി) ഭവനരഹിതരായവരിൽ സൗജന്യ ഭവനനിർമ്മാണത്തിന് സഹായം ലഭ്യമായവർ എത്ര: ജില്ലതിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) 1990-ലെ സർവേ അനുസരിച്ച് സംസ്ഥാനത്ത് ഭൂരഹിതരും ഭവനരഹിതരുമായ 34622 പട്ടികവർഗ്ഗ കുടുംബങ്ങളുണ്ട്. ജില്ല തിരിച്ചുള്ള വിവരം അനുബന്ധത്തിൽ[+] കൊടുത്തിട്ടുണ്ട്.

പട്ടികജാതിക്കാരെ സംബന്ധിക്കുന്ന വിവരം ശേഖരിച്ചു നല്കുന്നതാണ്.

(ബി) ഭൂരഹിതരും ഭവനരഹിതരുമായ പട്ടികവിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്ക് ഈ സർക്കാർ അധികാരത്തിൽവന്നശേഷം സ്ഥലവും വീടും അനുവദിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴിയാണ് ഇത് നല്കിയിട്ടുള്ളത്. യഥാർത്ഥ കണക്ക് ശേഖരിച്ചു നല്കുന്നതാണ്.

ഭവനരഹിതരായ പട്ടികവിഭാഗക്കാർക്ക് വീട് വച്ചു നല്കുന്നതിന് 35,000/ രൂപ അനുവദിക്കുന്നു (ദുർഘട പ്രദേശങ്ങളിൽ 20% അധികതുകയും) ഭൂരഹിതരായ പട്ടികവിഭാഗകാർക്ക് 15,000-രൂപയിൽ കവിയാത്ത തുകയ്ക്ക് 4 സെന്റ് ഭൂമിയും 35,000/- രൂപയ്ക്ക് വീടും നല്കുന്നതിന് പദ്ധതിയുണ്ട്. അതുപോലെ പുറമ്പോക്കിലും ഉൾവനങ്ങളിലും താമസിക്കുന്നവർക്കു വേണ്ടി ഭൂമി വാങ്ങി വീട് നല്കുന്നതിനും പദ്ധതിയുണ്ട്.

കേരള ഭവനനിർമ്മാണ ബോർഡിന്റെ സഹകരണത്തോടുകൂടി 9-ാം പദ്ധതിയുടെ അവസാനത്തോടുകൂടി വീടില്ലാത്ത എല്ലാ പട്ടികവിഭാഗക്കാർക്കും വീട് വച്ചു നല്കുന്നതിന് സമ്പൂർണ്ണ മൈത്രിഭവന പദ്ധതി 1998-99 വർഷം മുതൽ നടപ്പിലാക്കിവരുന്നു.

(സി) ആന്റ് (ഡി) വിവരം ശേഖരിച്ചു നല്കുന്നതാണ്.

പട്ടികജാതി-പട്ടികവർഗ്ഗ കോളനികളിലെ അടിസ്ഥാന സൗകര്യങ്ങൾ

9 (3408) ശ്രീ. തമ്പാനൂർ രവി : താഴെക്കാണുന്ന ചോദ്യത്തിന് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടികജാതി-പട്ടികവർഗ്ഗ കോളനികളിൽ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും സർവേ നടത്തുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ ഉണ്ടെങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ?

[+] അനുബന്ധം VIII

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

സംസ്ഥാനത്തിൽ പട്ടികജാതിക്കാരുടെയും പട്ടികവർഗ്ഗക്കാരുടെയും ക്ഷേമത്തിനും അവരുടെ അടിസ്ഥാന വിവരങ്ങൾ ശേഖരിക്കുന്നതിനും വേണ്ടി ഒരു സമഗ്ര സർവേ നടത്തുന്നതിന് സർക്കാർ നേരത്തെ തന്നെ തീരുമാനിച്ചിരുന്നു. എന്നാൽ ചില സാമുദായിക സംഘടനകളുടെ എതിർപ്പുമൂലം പ്രസ്തുത സർവേ നിർത്തിവെക്കുകയുണ്ടായി. കോളനികളിലും സങ്കേതങ്ങളിലും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചു കഴിഞ്ഞിട്ടുണ്ട്.

ഭൂരഹിത-ഭവനരഹിത പുനരധിവാസ ധനസഹായ പദ്ധതി

10 (3409)ശ്രീ. എം. മുരളി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂരഹിത ഭവനരഹിത പുനരധിവാസ ധനസഹായ പദ്ധതി പ്രകാരം ബ്ലോക്ക് പഞ്ചായത്ത് വഴി പട്ടികജാതി വിഭാഗത്തിന് അനുവദിക്കുന്ന തുക തികച്ചും പരിമിതമാണെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ തുക 75,000 രൂപയായി വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

ആലപ്പുഴയിൽ പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി മോഡൽ റസിഡൻഷ്യൽ സ്കൂൾ

11 (3410) ശ്രീ. കെ.സി. വേണുഗോപാൽ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി മോഡൽ റസിഡൻഷ്യൽ സ്കൂൾ ആരംഭിക്കുന്നതിന് സർക്കാർ തീരുമാനമെടുത്തിട്ടുണ്ടോ;

(ബി) എങ്കിൽ എവിടെയെല്ലാമാണെന്ന് വ്യക്തമാക്കാമോ?

(സി) ആലപ്പുഴ നഗരത്തിൽ ഇത്തരം സ്ക്കൂളുകൾ ആരംഭിക്കുന്നിന് നടപടി സ്വീകരിക്കുമോ;

(ഡി) എങ്കിൽ അടുത്ത അദ്ധ്യയനവർഷം മുതൽ സ്കൂൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ആന്റ് (ബി) തീരുമാനമെടുത്തിട്ടുണ്ട്.

ഇപ്പോൾത്തന്നെ പതിനൊന്ന് സ്കൂളുകൾ പ്രവർത്തിച്ചുവരുന്നു. കൂടാതെ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ കോട്ടയത്തും, കൊല്ലത്തും

LIBRARY ARCHIVES Kerala Legislative Assembly